(ബി) ഇപ്പോൾ എത്ര മിനി ബസ്സുകളാണ് കെ.എസ്.ആർ.ടി.സി. ക്കുള്ളത്;

(സി) ഇവയുടെ ശരാശരി ഇ.പി.കെ.എം., ഇ.പി.ബി. എന്നിവ എത്രയാണ്;

(ഡി) ഗ്രാമീണ മേഖലയിലെ യാത്രക്കാരുടെ ആവശ്യം കണക്കിലെടുത്ത് കൂടുതൽ കെ. എസ്. ആർ. ടി. സി. മിനി ബസ്സുകൾ വാങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 299.

(സി) 2005 മേയ് മാസത്തെ കണക്കനുസരിച്ച് മിനി ബസ്സിന്റെ ശരാശരി ഇ.പി.കെ.എം. 13.21 രൂപയും ഇ.പി.ബി. 3342 രൂപയുമാണ്.

(ഡി) ഉണ്ട്. 100 മിനി ബസ്സുകൾക്ക് ഇതിനകം ഓർഡർ നൽകിക്കഴിഞ്ഞു. അവയിൽ 9 എണ്ണം നിരത്തിലിറക്കിയിട്ടുണ്ട്. ബാക്കിയുള്ളവ താമസംവിനാ ലഭ്യമാകും.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

ട്രാഫിക് നിയമങ്ങൾ കർശനമായി നടപ്പാക്കാൻ നടപടി

91 [2228] ശ്രീ. രാജു എബ്രഹാം:
,, കെ. വി. കുഞ്ഞിരാമൻ:
,, പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡപകടങ്ങളും വൻതോതിൽ വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് തടയുന്നതിന് ട്രാഫിക് സംവിധാനത്തിൽ എന്തെങ്കിലും പരിഷ്കാരങ്ങൾ വരുത്താൻ ആലോചിക്കുന്നുണ്ടോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) വാഹനങ്ങളുടെ അമിതവേഗത നിയന്ത്രിക്കുവാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ;

(ഇ) ട്രാഫിക് നിയമങ്ങൾ കർശനമായി നടപ്പാക്കുമെന്ന് ഉറപ്പു വരുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) റോഡപകടങ്ങൾക്ക് കാരണങ്ങൾ നിരവധിയാണ്. ട്രാഫിക്കിൽ പരിഷ്കാരങ്ങൾ വരുത്തുന്നതുകൊണ്ടുമാത്രം ഇതു പരിഹരിക്കാൻ കഴിയുമെന്നു സർക്കാർ പ്രതീക്ഷിക്കുന്നില്ല. എങ്കിലും ആവശ്യമെന്നു തോന്നിയാൽ ബന്ധപ്പെട്ട വകുപ്പുകളുടെ അഭിപ്രായപ്രകാരം പരിഷ്കാരം വരുത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വാഹനങ്ങളുടെ അമിതവേഗത നിയന്ത്രിക്കുന്നതിന് മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ എല്ലാ ജില്ലകളിലും മൊബൈൽ എൻഫോഴ്സ്മെൻറ് സ്ക്വാഡും, മേഖലാടിസ്ഥാനത്തിൽ ഫ്ളൈയിംഗ് സ്ക്വാഡുകളും പ്രവർത്തിച്ചു വരുന്നു.

അമിത വേഗത കണ്ടുപിടിക്കുന്നതിന് റഡാർ സംവിധാനം സജ്ജീകരിച്ച പ്രത്യേക വാഹനം നിരീക്ഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. അശ്രദ്ധമായ ഡ്രൈവിംഗ് ഒഴിവാക്കുന്നതിന് ഡ്രൈവർമാർക്ക് ബോധവൽക്കരണ ക്ലാസ്സുകളും നടത്തുകയും ലഘുലേഖകളും വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്. ഡ്രൈവർമാർക്ക് കാഴ്ച പരിശോധന നടത്തി കണ്ണട വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്.

(ഇ) നിലവിലുള്ള മോട്ടോർ വാഹന നിയമങ്ങളും കർശനമായി നടപ്പിലാക്കുന്നതിന് എല്ലാ ശ്രമവും നടത്തുന്നുണ്ട്.

മലപ്പുറം–മഞ്ചേരി–എടവണ്ണപ്പാറ റൂട്ടിൽ ബസ് സർവ്വീസ്

92 [2229] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം–മഞ്ചേരി–എടവണ്ണപ്പാറ റൂട്ടിൽ സർവ്വീസ് നടത്തിയിരുന്ന കെ. എസ്. ആർ. ടി. സി. ബസ് ഇപ്പോൾ ഓടുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് സർക്കാരിന് പരാതി ലഭിച്ചിട്ടുണ്ടോ;

(സി) ഈ റൂട്ടിൽ നിർത്തൽ ചെയ്ത ബസ് സർവ്വീസ് പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ എന്നത്തേയ്ക്ക് നടപ്പിലാക്കുമെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) മലപ്പുറം–മഞ്ചേരി–എടവണ്ണപ്പാറ റൂട്ടിൽ കെ. എസ്. ആർ. ടി. സി. സർവ്വീസ് നടത്തുന്നുണ്ട്. ഈ റൂട്ടിൽ കെ. എസ്. ആർ. ടി. സി. സർവ്വീസ് മുടങ്ങിയിട്ടില്ല.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

കണിയാപുരം കെ. എസ്. ആർ. ടി. സി. ഡിപ്പോയിൽ നിന്നും ലഭിച്ച ഷെഡ്യൂളുകൾ

93 [2230] ശ്രീ. എം. എ. വാഹിദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മേയ് മാസം മുതൽ 2005 മേയ് മാസം വരെ കഴക്കൂട്ടം നിയോജക മണ്ഡലത്തിൽ നിന്നും കെ. എസ്. ആർ. ടി. സി. എത്ര പുതിയ ഷെഡ്യൂളുകൾക്ക് അനുമതി നൽകി. ഇതിൽ കണിയാപുരം ഡിപ്പോയിൽ നിന്നും ആരംഭിച്ച ഷെഡ്യൂളുകൾ എത്ര; ഏതൊക്കെയാണ്; വിശദമാക്കുമോ;

(ബി) 2001 മേയ് മാസം കെ. എസ്. ആർ. ടി. സി. കണിയാപുരം ഡിപ്പോയിൽ നിന്നും എത്ര ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്തിരുന്നു; ഇപ്പോൾ എത്ര ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നു;

LIBRARY ARCHIVES Kerala Legislative Assembly